പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2003

01.02.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. പെൻഷൻ

| ചോദ്യം<br>ശ്രീ. പാറക്കൽ അബ്ദുല്ല | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ ഏതൊക്കെ മാസങ്ങളിലെ പെൻഷൻ കുടിശ്ശിക നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | 2017 ജൂൺ, സെപ്റ്റംബർ മാസങ്ങളിലെ പെൻഷൻ ഭാഗികമായും 2017 ഡിസംബർ, 2018 ജനുവരി എന്നീ മാസങ്ങളിലേത് പൂർണമായും വിതരണം ചെയ്യുവാനുണ്ട്. |
| (ബി) | പെൻഷൻ കുടിശ്ശിക നൽകുന്നതിന് എത്ര കോടി രൂപയുടെ ആവശ്യം കോർപ്പറേഷനുണ്ട്: ഈ തുക കോർപ്പറേഷന്റെ കൈവശം ഇപ്പോൾ ഉണ്ടോ; | (ബി) | 164 കോടി രൂപ. KSRTC ഗൗരവകരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടെങ്കിലും പെൻഷൻ കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | ഇല്ലെങ്കിൽ തുക ലഭ്യമാക്കുന്നതിന് കോർപ്പറേഷന്റെ മുന്നിലുള്ള മാർഗ്ഗങ്ങൾ എന്തൊക്കെയാണ് ; | (സി) യും (ഡി) യും | പ്രതിദിന വരുമാനത്തിൽ നിന്നും പെൻഷൻ വിതരണത്തിനുള്ള തുക കണ്ടെത്തുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്, ഇത് മറികടക്കുവാൻ സർക്കാർ സഹായമോ മറ്റു ധനകാര്യസ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയോ ആണ് കോർപ്പറേഷന്റെ മുന്നിലുള്ള മാർഗം. കെ.എസ്.ആർ.ടി.സി. യുടെ ചെലവിലെ ഒരു പ്രധാനപ്പെട്ട ഇനം കടത്തിന്റെ തിരിച്ചടവാണ്. ടി തിരിച്ചടവിൽ കുറവ് വരുത്തുന്നതിനായി കൂടിയ പലിശ നിരക്കിലും ഹ്രസ്വകാലാവധിയുള്ളതുമായ വായ്പകളെ കുറഞ്ഞ പലിശനിരക്കിലും കൂടിയ കാലാവധിയുള്ളതുമായ വായ്പകളാക്കി മാറ്റുന്നതിനായി ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് വായ്പകളുടെ പുനഃക്രമീകരണത്തിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. വായ്പാ പുനഃക്രമീകരണം നടപ്പിലാക്കിയാൽ പെൻഷൻ മുടക്കംകൂടാതെ നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | വരും മാസങ്ങളിൽ ഇത്തരം പ്രതിസന്ധികൾ മറികടക്കാൻ ഏതെങ്കിലും പുതിയ സംവിധാനം കോർപ്പറേഷൻ കണ്ടെത്തുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | | |

സെക്ഷൻ ഓഫീസർ